# ഒരു സമകാലിക മലയാള അനുഭവം

പ്രിയ സുഹൃത്തേ,
കേരള സർക്കാരിന്റെ വിദ്യാഭ്യാസ വകുപ്പ് 104 സ്കൂളുകളിലേക്ക് പുസ്തകങ്ങൾ വാങ്ങുന്നത് സംബന്ധിച്ച് പത്രങ്ങളിലും ടെലിവിഷനിലും ചില വാർത്തകൾ കണ്ടിരിക്കുമല്ലോ. പിന്നോക്കം നില്ക്കുന്ന സ്കൂളുകളിലെ അടിസ്ഥാന സൗകര്യം വർദ്ധിപ്പിക്കുന്നതിനായി പന്ത്രണ്ടാം ധനകാര്യ കമ്മീഷന്റെ ധനസഹായത്തോടെ ആണ് ഈ പദ്ധതി നടപ്പാക്കുന്നത്.

ഇക്കാര്യത്തിൽ എന്റെ പേര് പല മാധ്യമങ്ങളും പരാമർശിക്കുന്നുണ്ട്. ഇതു സംബന്ധിച്ച് എനിക്കു പറയാനുള്ളവ എന്റെ സുഹൃത്തുക്കളെയും അഭ്യുദയകാംക്ഷികളെയും അറിയിക്കാനാണ് ഈ കത്ത്.

ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടറായി ഞാൻ ചേർന്നതിനെ തുടർന്നാണ് ഈ പദ്ധതിയിലേക്ക് പുസ്തക്കങ്ങൾ തെരഞ്ഞെടുക്കാനുള്ള സമിതിയിൽ എന്നെ ഉൾപ്പെടുത്തിയത്. അധ്യക്ഷനായ ഡിപിഐ ശ്രീ ശിവശങ്കറിനെക്കൂടാതെ ശ്രീ ജോർജ് ഓണക്കൂർ, ശ്രീ പരമേശ്വരൻ, ശ്രീ എഴുമറ്റൂർ രാജരാജവർമ്മ, ശ്രീമതി ലളിത, ഡിപിഐയിലെ മുതിർന്ന ഉദ്യോഗസ്ഥർ എന്നിവരായിരുന്നു സമിതിയിൽ.

## സ്കൂളുകൾക്ക് പങ്ക്

ക്വട്ടേഷൻ ക്ഷണിച്ച് ബൾക്ക് പർച്ചേസ് രീതിയിൽ സ്കൂളുകളിലേക്ക് പുസ്തകം വാങ്ങുക എന്നതായിരുന്നു ഇതുവരെ ഡിപിഐ ഓഫീസിലെ രീതി. പുസ്തകം ഉപയോഗിക്കുന്ന സ്കൂളുകൾക്കോ അധ്യാപകർക്കോ ഇതിൽ ഒരു പങ്കും ഉണ്ടായിരുന്നില്ല. ഈ രീതി മാറ്റണമെന്നും നീണ്ട ഒരു ലിസ്ററ് തയ്യാറാക്കിയിട്ട് ആ ലിസ്റ്റിൽ നിന്ന് സ്കൂളുകൾ പുസ്തകങ്ങൾ തെരഞ്ഞെടുക്കുന്നതായിരിക്കും ഇത്തവണ ചെയ്യുക എന്നും വിദ്യാഭ്യാസ വകുപ്പ് തീരുമാനിച്ചു. പതിവുപോലെ ക്വട്ടേഷനുസരിച്ച് വിദ്യാഭ്യാസ വകുപ്പു തന്നെ ഒറ്റയടിക്കു വാങ്ങി സ്കൂളുകളിലെത്തിക്കണമെന്ന നിർദ്ദേശം ഉയർന്നു വന്നെങ്കിലും വിദ്യാഭ്യാസ വകുപ്പ് അതംഗീകരിച്ചില്ല. എന്നാൽ സ്കൂളുകൾ അവശ്യം വേണ്ടുന്ന പുസ്തകങ്ങൾ വാങ്ങുന്നു എന്ന് ഉറപ്പു വരുത്താനായി നിർബന്ധിതമായി വാങ്ങേണ്ട പുസ്തകങ്ങളുടെ ഒരു പട്ടിക ഉണ്ടാക്കാം എന്നു സമ്മതിച്ചു. ആറേകാൽ ലക്ഷം രൂപയ്ക്കു വാങ്ങുന്ന പുസ്തകങ്ങളിൽ രണ്ടു ലക്ഷം രൂപയ്ക്കു താഴെ ആവണം മലയാളം, ഇംഗ്ലീഷ് ഭാഷകളിലായി ഈ പട്ടികയിലെ പുസ്തകങ്ങൾ എന്നും നിർദ്ദേശിക്കപ്പെട്ടു. ബാക്കി നാലേകാൽ ലക്ഷം രൂപയ്ക്ക് സമിതി തയ്യാറാക്കുന്ന വലിയ പട്ടികയിൽ നിന്ന് സ്കൂളുകൾ നേരിട്ട് പുസ്തകം തെരഞ്ഞെടുക്കണമെന്നും ധാരണയായി.

തുടർന്ന് സമതി പുസ്തകങ്ങളുടെ നീണ്ട ഒരു പട്ടിക തയ്യാറാക്കി. ഇതു ഡിപിഐയുടെ വെബ്സൈറ്റിൽ പ്രദർശിപ്പിച്ച് എല്ലാവരുടെയും അഭിപ്രായങ്ങൾ ക്ഷണിച്ച് മാറ്റങ്ങൾ വരുത്തി. നിർബന്ധമായി വാങ്ങേണ്ട ഇംഗ്ലീഷ് പുസ്തകങ്ങളുടെ പട്ടിക തയ്യാറാക്കാൻ എന്നെയും മലയാളം പുസ്തകങ്ങളുടെ പട്ടിക തയ്യാറാക്കാൻ പ്രൊഫ. ജോർജ് ഓണക്കൂറിനെയും ചുമതലപ്പെടുത്തി. ഈ ലിസ്റ്റുകളും കമ്മിറ്റിയിൽ അവതരിപ്പിക്കുകയും കമ്മിറ്റിയുടെ അംഗീകാരത്തോടെ പൊതുജന അഭിപ്രായത്തിനായി വെബ്സൈറ്റിൽ പ്രദർശിപ്പിക്കുകയും ചെയ്തു. വെബ്സൈറ്റ്

കണ്ടിട്ട് ചില പ്രസാധകരും മറ്റും തങ്ങളുടെ ചില പുസ്തകങ്ങൾ കൂടെ ഉൾപ്പെടുത്തണമെന്ന് ആവശ്യപ്പെട്ടു. മിക്ക ആവശ്യങ്ങളും സമിതി അംഗീകരിച്ചു.

പക്ഷേ, സ്കൂളുകൾ തയ്യാറാക്കുന്ന ഓർഡർ അനുസരിച്ച് കേരള സർക്കാർ സ്ഥാപനമായ ബുക്ക് മാർക്ക് ആയിരിക്കും പ്രസാധകരിൽ നിന്ന് വാങ്ങി സ്കൂളുകളിൽ പുസ്തകങ്ങൾ എത്തിക്കുക എന്നും എല്ലാ വിതരണക്കാരും ഓഫർ ചെയ്തിരുന്നതിനെക്കാളും കൂടുതൽ കിഴിവ് സ്കൂളുകൾക്ക് നല്കും എന്നും തീരുമാനിച്ചതോടെ ഒരുപാട് സ്ഥാപിത താല്പര്യക്കാർ സർവശക്തിയുമെടുത്ത് ഇതിനെ എതിർക്കാൻ തുടങ്ങി. ഇംഗ്ലീഷ് പുസ്തകങ്ങൾക്ക് 25 ഉം മലയാളം പുസ്തകങ്ങൾക്ക് 35 ഉം ശതമാനം കിഴിവ് സ്കൂളുകൾക്ക് നല്കണമെന്നായിരുന്നു തീരുമാനം.

പുസ്തകം എങ്ങനെ വാങ്ങണം എങ്ങനെ എത്തിക്കണം എന്നതൊക്കെ ഡിപിഐ എടുക്കേണ്ട ഭരണപരമായ തീരുമാനമാണ് എന്ന് ആയിരുന്നു ഡിപിഐയുടെ അഭിപ്രായം. ബുക്ക് മാർക്കിന് ഈ പദ്ധതി നടപ്പാക്കാനുള്ള ശേഷിയുണ്ടോ എന്നൊക്കെ സംബന്ധിച്ച് സ്വന്തം അന്വേഷണം നടത്തിയശേഷം പുസ്തകം സ്കൂളുകൾക്ക് എത്തിക്കാനുള്ള ചുമതല ഡിപിഐ ബുക്ക് മാർക്കിനു നല്കി.

കാര്യങ്ങളെല്ലാം പൊതുമേഖലയെക്കൊണ്ടു ചെയ്യിക്കാനായിരുന്നില്ല ബുക്ക്മാർക്കിനെ ഞാൻ പിന്തുണച്ചത്. കൂടുതൽ ലാഭം കിട്ടുന്നതിനായി സ്കൂളുകളെ വിതരണക്കാർ സ്വാധീനിച്ച് അവർക്ക് കൂടുതൽ കമ്മീഷൻ കിട്ടുന്ന മോശം പുസ്തകം വാങ്ങിപ്പിക്കുന്നത് ഒഴിവാക്കാനായിരുന്നു.

ബുക്ക് മാർക്ക് പ്രസാധകർക്ക് നേരിട്ട് ഓർഡർ നല്കുകയേ ഉള്ളു എന്നും പുസ്തകം നേരിട്ട് തരുന്നോ ഏതെങ്കിലും വിതരണക്കാരൻ വഴി തരുന്നോ എന്നതിൽ ഇടപെടില്ല എന്നും വ്യക്തമാക്കിയിരുന്നു. അതായത് പ്രസാധകനെ പ്രതിനിധീകരിക്കാനും ബുക്ക് മാർക്കിന് പുസ്തകം എത്തിക്കാനും ഉള്ള മത്സരത്തിൽ പങ്കെടുക്കാനും ന്യായമായ ലാഭം നേടാനുമുള്ള അവസരം എല്ലാ വിതരണക്കാർക്കുമുണ്ടായിരുന്നു. തുറന്ന മത്സരത്തിനു തയ്യാറല്ലാതിരുന്ന, മുഴുവൻ ലാഭവും രഹസ്യ ഇടപാടിലൂടെ നേടാൻ മോഹിച്ച ചില കച്ചവടക്കാരാണ് സ്കൂളുകളുടെ അടിസ്ഥാന സൗകര്യവികസനത്തിനൊപ്പം ലൈബ്രറിയും വികസിപ്പിക്കാനുള്ള പദ്ധതിക്ക് തുരങ്കം വയ്ക്കാൻ ഇറങ്ങി പുറപ്പെട്ടിരിക്കുന്നത്.

## സ്ഥാപിത താത്പര്യക്കാർ രംഗത്ത്

പത്രമാധ്യമങ്ങളെ ഉപയോഗിച്ച് സ്വഭാവഹത്യ നടത്തി പ്രതികാരം ചെയ്യാനാണ് കൊള്ളലാഭം നഷ്ടപ്പെട്ട പുസ്തകക്കച്ചവടക്കാർ ശ്രമിച്ചത്. തിരുവനന്തപുരത്തെ ചില പത്രങ്ങളിൽ ആദ്യം ഇതു സംബന്ധിച്ച ആക്ഷേപങ്ങൾ വന്നു.

*സമകാലിക മലയാളം വാരിക* ആണ് കള്ളപ്പേരിലെഴുതിയ ഒരു ലേഖനത്തിലൂടെ ഏറ്റവും വിഷലിപ്തമായ ഒരു ആക്രമണം നടത്തിയത്. അതിനു ഞാനയച്ച മറുപടിയുടെ പത്രാധിപർക്കാവശ്യമുള്ള ഭാഗങ്ങൾ മാത്രം കൊടുത്തു കൊണ്ട് വീണ്ടും നിന്ദ്യഭാഷയിൽ ഒരു ആക്രമണം നടത്തുകയാണ് എന്റെ അടുത്ത സുഹൃത്തായിരുന്ന ശ്രീ ജയചന്ദ്രൻ നായർ ചെയ്തത്. കഴിഞ്ഞ ഇരുപതു വർഷത്തോളമായി ഉള്ളതാണ് എസ്. ജയചന്ദ്രൻ നായരുമായി എനിക്കുള്ള ബന്ധം. മലയാളം വാരികയുടെ ആദ്യലക്കം എന്റെ കവർ സ്റ്റോറിയുമായാണ് പുറത്തിറങ്ങിയത്. ആറു മാസക്കാലം ഞാനവിടെ ചീഫ് സബ് എഡിറ്ററായി ജോലി ചെയ്യുകയും ഉണ്ടായി. വ്യക്തിപരമായ ഇത്തരം കാര്യങ്ങൾ മാറ്റിവച്ചാലും പത്രാധിപധാർമികതയുടെ പേരിൽ ഈ പിതൃശൂന്യ റിപ്പോർട്ട് പ്രസിദ്ധീകരിക്കും മുമ്പ് എന്റെ പക്ഷം കൂടെ അദ്ദേഹത്തിന് ആരായാമായിരുന്നു എന്ന് ഞാൻ എഴുതിയിരുന്നു.

തുടർന്ന് ഇക്കാര്യങ്ങൾ കേരള കോൺഗ്രസ് രാഷ്ട്രീയക്കാരായ പി സി ജോർജും ജോസഫ് എം പുതുശ്ശേരിയും ഏറ്റെടുത്തു.

മനോരമ ചാനലാണ് അടുത്ത ആക്രമണമഴിച്ചു വിട്ടത്. അവർ പറഞ്ഞത് ഈ സമിതിയുടെ അധ്യക്ഷൻ ഞാൻ ആണെന്നാണ്. ആറേകാൽ ലക്ഷത്തിന്റെ പുസ്തകം വാങ്ങലിൽ പകുതിയും

സേജ് എന്ന അമേരിക്കൻ ബഹുരാഷ്ട്ര കുത്തക കമ്പനിയുടെതാണെന്നും. ഒന്നേകാൽ ലക്ഷത്തിന്റെ പുസ്തകമാണ് സേജിൽ നിന്ന് നിർബന്ധമായും വാങ്ങുന്നതെന്നുമായിരുന്നു മനോരമ പറഞ്ഞത്. സേജിന്റെ ഗവേഷണ പ്രബന്ധങ്ങൾ സ്കൂളുകൾക്ക് യോജിച്ചവ അല്ലെന്നും മനോരമ പറഞ്ഞു. സേജിന്റെ പുസ്തകങ്ങൾ കൂടുതൽ ഉൾപ്പെടുത്തുന്നതിൽ എനിക്ക് പങ്കുണ്ട് എന്നാണ് ആരോപണം. സേജിന്റെ ദക്ഷിണേന്ത്യ പ്രതിനിധി ആയ റോഷൻ തോമസ് എസ് എഫ് ഐ യിൽ എന്റെ കൂടെ പ്രവർത്തിച്ച ആൾ ആണ് എന്നതാണ് ആരോപണങ്ങൾക്ക് കാരണം എന്നാണ് മനോരമ പ്രതിനിധി എന്നോടു പറഞ്ഞത്. ഞാൻ ഡൽഹിയിലേക്ക് താമസം മാറ്റിയിട്ടാവണം റോഷൻ എസ് എഫ് ഐ യിൽ പ്രവർത്തിച്ചത് എന്ന് ഞാൻ വിശദീകരിച്ചത് വിലപ്പോയില്ല. 15 വർഷത്തോളമായി ഡൽഹിയിലെ പ്രസാധനരംഗത്ത് പ്രവർത്തിക്കുന്ന എനിക്ക് എല്ലാ പ്രസാധനശാലകളിലും അടുത്ത സുഹൃത്തുക്കളുണ്ടെന്നു പറഞ്ഞതും ചെവിക്കൊണ്ടില്ല.

വിദ്യാഭ്യാസമേഖലയ്ക്കാവശ്യമായ പുസ്തകങ്ങൾ പ്രസിദ്ധീകരിക്കുന്നതിൽ ലോകമെങ്ങും വിലമതിക്കപ്പെടുന്ന കമ്പനിയാണ് സേജും അനുബന്ധ കമ്പനികളായ പോൾ ചോപ്മാൻ എഡ്യൂക്കേഷണൽ പബ്ലിഷേഴ്സും ഒക്കെ. അവ വിദ്യാഭ്യാസത്തിൽ താത്പര്യമുള്ള അധ്യാപകർക്ക് ഉപയോഗമുള്ളവയുമാണ്. ഇക്കാര്യങ്ങളിൽ എന്റെ വിശദീകരണം കൊടുക്കാം എന്നു പറഞ്ഞ ചാനൽ പിറ്റേന്ന് ഇത് റെക്കോർഡ് ചെയ്തിട്ട് അതൊന്നും കൊടുത്തില്ല എന്നു മാത്രമല്ല കമ്മിറ്റിയുടെ എല്ലാ പ്രവർത്തനങ്ങളിലും ഭാഗഭാക്കായിരുന്ന, കേരള സർവകലാശാലയിലെ ലൈബ്രേറിയനായിരുന്ന, ശ്രീ പരമേശ്വരന്റെ ഒരു ബൈറ്റ് കൊടുത്ത് അതിന് ഉപോൽബലകമായി എന്റെ ബൈറ്റ് കൊടുക്കുകയാണുണ്ടായത്. ഈ തീരുമാനങ്ങളിലൊന്നും തനിക്ക് പങ്കില്ലെന്നാണ് പരമേശ്വരൻ പറഞ്ഞത്.

ഇന്ത്യയിൽ പ്രവർത്തിക്കുന്ന പ്രമുഖ ഇംഗ്ളീഷ് പ്രസാധകരെല്ലാം ബഹുരാഷ്ട്ര കമ്പനികളാണ്. അല്ലാത്ത ഇന്ത്യൻ കമ്പനികളിൽ നിന്നാണ് കൂടുതൽ എണ്ണം പുസ്തകം എടുത്തിട്ടുള്ളതും. യഥാർത്ഥത്തിൽ അറുപത്തിരണ്ടായിരം രൂപ മുഖവില ഉള്ള പുസ്തകങ്ങളാണ് സേജിൽ നിന്ന് 25% കിഴിവിൽ സ്കൂളുകൾക്ക് വാങ്ങാൻ നിർദ്ദേശിച്ചിരിക്കുന്നത്. അതായത് അമ്പതിനായിരത്തിൽ താഴെ രൂപയ്ക്ക്. ഇതെങ്ങനെ ആറേകാൽ ലക്ഷത്തിന്റെ പകുതി ആവും? (ആറേകാൽ ലക്ഷത്തിന്റെ പകുതി ഒന്നേകാൽ ലക്ഷത്തിന്റെ പുസ്തകം എന്നാണ് മനോരമക്കണക്ക്. പുസ്തകങ്ങൾ ടൈപ്പ് ചെയ്ത വിദ്യാഭ്യാസ വകുപ്പിലെ ഉദ്യോഗസ്ഥർ മിക്ക പുസ്തകങ്ങളും പലവട്ടം ചേർത്തു. സേജിന്റെ പുസ്തകങ്ങൾക്ക് പേപ്പർ ബാക്ക് വിലയ്ക്ക് പകരം ഹാർഡ് ബൗണ്ട് വിലയാണ് ഇട്ടതും. അങ്ങനെയാണ് 62000 രൂപയുടെ പുസ്തകത്തിന് 125000 രൂപ വന്നത്.)

സ്കൂൾ നടത്തിപ്പ് സംബന്ധിച്ച ചില പുസ്തകങ്ങളും മാനസിക സംഘർഷമുള്ള കുട്ടികൾ, ബുദ്ധിവ്യത്യസ്തത ഉള്ള കുട്ടികൾ എന്നിവരുമായി സ്കൂളിൽ ഇടപെടുന്നതിനെക്കുറിച്ചുള്ള ചില ഗൈഡുകൾ എന്നിവയെ ഒക്കെയാണ് ഇവർ എതിർക്കുന്നത്.

മലയാളത്തിലെ പുസ്തകങ്ങൾ തെരഞ്ഞെടുത്തതിൽ ഒരു പ്രസാധകന് അമിത പ്രാധാന്യം കിട്ടി എന്നാണ് മറ്റൊരു ആരോപണം. മലയാളത്തിലെ മികച്ച എഴുത്തുകാരുടെ മികച്ച പുസ്തകങ്ങൾ ലെരഞ്ഞെടുക്കുമ്പോൾ ഡി സി ബുക്സിന്റെ പുസ്തകങ്ങൾ കൂടുതൽ വരിക സ്വാഭാവികമാണെന്നേ എനിക്കു പറയാനുള്ളു.

മാധ്യമങ്ങളിലൂടെ എന്റെ പക്ഷം അവതരിപ്പിക്കാമെന്ന് എനിക്കിനി മോഹം ഇല്ല. മാധ്യമ ധാർമികതയെക്കുറിച്ച് എനിക്ക് മുമ്പുണ്ടായിരുന്ന സംശയങ്ങൾ നേരിട്ടുള്ള അനുഭവത്തിൽ ഉറയ്ക്കുകയും ചെയ്തു. അതുകൊണ്ടാണ് കഴിയുന്നത്ര സുഹൃത്തുക്കളിലേക്ക് ഇക്കാര്യങ്ങൾ നേരിട്ടെത്തിക്കാം എന്നു കരുതിയത്.

**അഴിമതി ഒഴിവാക്കിയും സ്കൂളുകൾക്ക് പങ്കു നല്കിയും ഗുണനിലവാരം ഉറപ്പാക്കിയും സ്കൂളുകൾക്ക് ഏറ്റവും കൂടുതൽ കിഴിവ് നല്കിയും അങ്ങേയറ്റം സുതാര്യതയോടെയും ആയിരുന്നു ഇത്തവണ പുസ്തക സെലക്ഷൻ നടന്നത്. വിദ്യാഭ്യാസവകുപ്പിന്റെ നശ്ചയദാർഢ്യമാണ് അതിന് ഇടയാക്കിയതും. അതിൽ എന്റെ പങ്ക് ഞാനും വഹിച്ചു.**

## സർക്കാരും പുസ്തകവ്യവസായവും

ലാഭവിഹിതം വളരെ കുറവായ പുസ്തകവ്യവസായം എപ്പോഴും സർക്കാരിന്റെ പാട്രണേജ് നേടാൻ ശ്രമിക്കും. വൻതോതിൽ പുസ്തകം വാങ്ങുന്നതിലൂടെയും മറ്റുമാണ് സർക്കാർ വ്യവസായത്തെ സഹായിക്കുന്നത്. സർക്കാരിന്റെ ഏത് ഇടപെടലും പ്രശ്നഭരിതമാണ്. ഇന്ത്യയിലേറ്റവും മികച്ച പുസ്തകവ്യവസായം കേരളത്തിലായിരിക്കുന്നതിന് കാരണം ഗ്രന്ഥശാലകൾക്കും സ്കൂളുകൾക്കും പുസ്തകം വാങ്ങിക്കൊടുക്കുന്നതിനു പകരം പണം കൊടുത്തിട്ട് പുസ്തകം തിരഞ്ഞെടുക്കാനുള്ള സ്വാതന്ത്ര്യം ഗ്രന്ഥശാലകൾക്കും സ്കൂളുകൾക്കും സർക്കാർ വിട്ടുകൊടുക്കുന്നതാണ്. കേരളത്തെക്കാളും വളരെയേറെ പണം വായന വർദ്ധിപ്പിക്കുന്നതിനും പുസ്തകവ്യവസായത്തെ സഹായിക്കുന്നതിനും ചെലവാക്കുന്ന ഹിന്ദി മേഖലയിൽ സർക്കാർ ബൾക്ക് പർച്ചേസ് നടത്തുന്നതു കൊണ്ടാണ് വ്യവസായം മുരടിച്ചത്. നിങ്ങൾ ഏറ്റവും നല്ല എഴുത്തുകാരന്റെ പുസ്തകം ഏറ്റവും നന്നായി പ്രസിദ്ധീകരിച്ച് കുറഞ്ഞ വിലയ്ക്ക് വിറ്റാലും സർക്കാർ ബൾക്ക് പർച്ചേസിൽ പെട്ടില്ലെങ്കിൽ ഗോഡൗണിലിരിക്കും. ഏറ്റവും മോശം എഴുത്തുകാരന്റെ പുസ്തകം ഏറ്റവും വികൃതമായി പ്രസിദ്ധീകരിച്ച് വലിയ വിലയ്ക്ക് വിറ്റാലും സർക്കാർ ബൾക്ക് പർച്ചേസിൽ പെട്ടാൽ നിങ്ങൾ ലാഭമുണ്ടാക്കുന്ന മിടുക്കനാകും. ക്രമേണ മികച്ച പ്രസാധകനും മിടുക്കനാകാൻ തീരുമാനിക്കാൻ നിർബന്ധിക്കപ്പെടും.

കേരളത്തിലെ മെച്ചപ്പെട്ട അവസ്ഥ ഈയടുത്ത കാലത്തായി മാറി വരുന്നു എന്നാണ് എന്റെ നിരീക്ഷണം. സർക്കാർ ഈ രംഗത്ത് ചെലവാക്കുന്ന പണം കൂടുന്നു. ഇതിന് വേണ്ടിയുള്ള മത്സരവും കൂടുന്നു. എത്ര നിലവാരം കുറഞ്ഞ പുസ്തകങ്ങൾ ഇറക്കുന്നവർക്കും ഈ രംഗത്ത് നിലനില്ക്കാം എന്ന സാഹചര്യമുണ്ട്. വ്യവസായത്തോടോ വായനക്കാരോടോ ഒരു പ്രതിബദ്ധതയും ഇല്ലാത്തവരുടെ ഇടിച്ചുകയറ്റം പുസ്തകവ്യവസായത്തിന് ഇന്നൊരു ഭീഷണി ആണ്. സർക്കാർ ചെലവാക്കുന്ന പണത്തിന്റെ ചെറിയൊരംശം ആരെയെങ്കിലും സ്വാധീനിച്ച് കരസ്ഥമാക്കിയാൽ പിന്നെ പുസ്തകത്തിന്റെ മേന്മയെയോ എഴുത്തിന്റെ മേന്മയെയോ കുറിച്ചാലോചിക്കണ്ട. പ്രസാധനകൃമികൾ നുരച്ചുപതയ്ക്കുന്ന ലോകമാണ് ചീത്തപ്പുസ്തകങ്ങളുടേത്.

ഇംഗ്ളീഷ് പുസ്തകങ്ങളുടെ വിതരണമാണ് ലാഭം കൊയ്യുന്ന മറ്റൊരു രംഗം. 33 മുതൽ മുകളിലോട്ടാണ് ഈ പുസ്തകങ്ങൾ വില്ക്കുന്നവർക്ക് കിട്ടുന്ന കമ്മീഷൻ. വാങ്ങുന്നവർക്ക് 15 ശതമാനത്തിലേറെ കിഴിവ് നല്കപ്പെടുന്നു. പുസ്തകശാലയുടെയും മറ്റും ചെലവും കൂട്ടിയാൽ വലിയ ലാഭമില്ല. പക്ഷേ ഇവിടെയും സർക്കാർ വരുന്നതോടെ ചിത്രം മാറുന്നു. തിരുവനന്തപുരത്തുള്ള ഒരു വിതരണക്കാരനാണ് കാസർകോടു മുതൽ പാറശ്ശാല വരെയുള്ള സർക്കാർ സ്ഥാപനങ്ങൾക്ക് ഇംഗ്ളീഷ് പുസ്തകങ്ങൾ വില്ക്കുന്നത്. ഏതാണ്ട് അഞ്ചു കോടിരൂപയുടെ വില്പന ഒരു വർഷം നടത്തുന്ന ഈ ഒറ്റക്കടയുള്ള സ്ഥാപനം ഒരു കോടിയിലേറെ രൂപ ഒരു വർഷം രൊക്കം ലാഭം ഉണ്ടാക്കുന്നു. ബൈബിളിൽ പറയുന്ന പോലെ ഇവർ വിതയ്ക്കുന്നില്ല ലാഭം മാത്രം കൊയ്യുന്നു. സർക്കാർ സ്ഥാപനങ്ങളിൽ നിന്ന് ഓർഡർ ശേഖരിച്ച് പ്രസാധകരിൽ നിന്ന് പുസ്തകം എത്തിച്ച് മിഡിൽമെൻ ആയി നിന്ന് പണം നേടുന്ന ഇവർ മറ്റു പുസ്തകവ്യാപാരികളെയും സർക്കാർ ഓർഡറുകളെ ആശ്രയിക്കാൻ പ്രേരിപ്പിക്കും. പുസ്തകവ്യവസായ രംഗത്തെ ഒരു രോഗമാണിവർ.

പുസ്തകവ്യവസായരംഗത്ത് സർക്കാർ കൂടുതലായി ചെലവാക്കുന്ന പണത്തിന് കൂടുതൽ ഗുണകരമായ ഫലം ഉണ്ടാകുന്നതിനുള്ള വഴികൾ ഗൗരവമായി ആലോചിക്കേണ്ടിയിരിക്കുന്നു.

## എന്തുകൊണ്ട് ഈ ആക്രമണം

സർക്കാർ ഓർഡറുകൾ കൈക്കൂലി കൊടുത്ത് ശേഖരിച്ച് കച്ചവടം നടത്തുന്ന തിരുവനന്തപുരത്തെ ഒരു പുസ്തകവിതരണക്കാരന്റെയോ മോശം പുസ്തകങ്ങൾ മാത്രം ഇറക്കുന്ന കോഴി

ക്കോട്ടെ ഒരു പ്രസാധകന്റെയോ ഇച്ഛാഭംഗത്തിന്റെ ഫലം മാത്രമല്ല എന്റെ നേർക്കുണ്ടായ ആക്രമണം എന്നാണ് ഞാൻ കരുതുന്നത്.

വിദ്യാഭ്യാസ സാംസ്കാരിക രംഗത്ത് വരുത്താൻ ശ്രമിക്കുന്ന മാറ്റങ്ങൾക്കെതിരെ സ്ഥാപിത താല്പര്യക്കാർ നടത്തുന്ന രാഷ്ട്രീയ ആക്രമണങ്ങളുടെ ഭാഗമാണിത്.

ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ടിൽ ഒരു ദിശാമാറ്റത്തിന് ഞാൻ പ്രവർത്തിച്ചു എന്നു ഞാൻ അഭിമാനപൂർവ്വം പറയും. അത് കുശുമ്പും കുന്നായ്മയും ഉണ്ടാക്കിയിരിക്കുന്നത് തിരുവനന്തപുരത്ത് നൂറ്റാണ്ടുകളായി വാഴുന്ന ചില അധികാരകേന്ദ്രങ്ങളിലാണ്. അവിടെയാണ് അടിയൻ ലച്ചിപ്പോം എന്നുപറഞ്ഞ് ജയചന്ദ്രൻ നായർ ചാടി വീഴുന്നത്.

ഈ ***സാമൂഹ്യ*** രാഷ്ട്രീയ സ്ഥാപിത താല്പര്യങ്ങളോട് നേർക്കുനേർ പോരാടുക എന്നത് എന്റെ രാഷ്ട്രീയപ്രവർത്തനമാണ്. ഞാനതു തുടരുക തന്നെ ചെയ്യും.

ഇക്കാര്യത്തിൽ ഒരു സുഹൃത്ത് എന്ന നിലയിൽ താങ്കളുടെ സഹായം അഭ്യർത്ഥിക്കുന്നു. എന്നെ സ്വഭാവഹത്യ നടത്താൻ നടക്കുന്ന ഈ ശ്രമങ്ങളിൽ ഞാൻ പതറിപ്പോകാതിരിക്കാൻ താങ്കളുടെ സഹായം എനിക്കാവശ്യമുണ്ട്.

സ്നേഹപൂർവം

**റൂബിൻ ഡിക്രൂസ്**